# കനകാംബരങ്ങളുടെ വീട്

ചെറുകഥ

ആ വീടിനെക്കുറിച്ച് ആർക്കും ഒന്നും അറിയില്ല.

ആ വീടിന് ഒരു പേരുണ്ടായിരുന്നില്ല. പഴയ വീടുകൾക്ക് പൂമുഖത്തോ ഗേറ്റിലോ അങ്ങനെ പേര് പ്രദർശിപ്പിക്കുന്ന രീതികൾ കുറവായിരുന്നല്ലോ.ഗ്രാമീണ സ്വഭാവമുള്ള ചില വിളിപ്പേരുകളാകും പ്രചാരത്തിലുണ്ടാവുക. നെല്ലിയുള്ളതിൽ,ആറുകണ്ടിയിൽ, പള്ളിയാം മൂലയിൽ .... അങ്ങനെ പലതും നാട്ടുകാരുടെ നാവിൻ തുമ്പിലുണ്ടാകും.

എന്റെ ഒറ്റമുറി ഫ്ലാറ്റിന്റെ കോണിലിരുന്ന് നോക്കിയാൽ കാണാം അതിന്റെ മുൻവശം. പൈമ്പാലു പോലുള്ള പഴയ മലയാള സിനിമാഗാനത്തിന്റെ വരികളിലെ വിശേഷണമായ "നാരായണക്കിളിക്കൂട്" —ആണ് എനിക്കപ്പോൾ ഓർമ്മവരിക. അതിന് ചെറിയ ജനാലകളും വാതിലും രണ്ട് തൂണുകളോട് കൂടിയ ചെറിയ പൂമുഖവുമാണ് ഉണ്ടായിരുന്നത്. പതിമൂന്നാം നിലയിൽ നിന്നുള്ള കാഴ്ചകൊണ്ടാകാം ആ വീട് ഏറെ ചെറുതായിതോന്നിയിരുന്നത്. മാത്രമല്ല ചുറ്റുമുള്ള വീടുകളും സ്ഥലങ്ങളും കൈമാറ്റം ചെയ്യപ്പെടുകയും അവ പൊളിച്ച് പുതിയവ പണിയുകയും അപ്പാർട്ടുമെന്റുകളും ഫ്ലാറ്റുകളും ചുറ്റിലും ഉയർന്നുവരാനും തുടങ്ങിയതോടെ ആ പരിസരത്തിന് തീരെ യോജിക്കാത്തവിധം അത് ചെറുതായിപ്പോവുകയും ചെയ്തു. ഒറ്റപ്പെട്ട ഒരുവനെപ്പോലെ അതങ്ങനെ നിന്നു.

ഗ്രാമാന്തരീക്ഷത്തിൽ ജനിച്ചുവളർന്ന ഒരാളായതിനാലാകണം ആ വീട് എന്റെ ശ്രദ്ധയെ ആകർഷിച്ചതും അതിന്റെ ചുറ്റുപാടുമുള്ള കാഴ്ചകളെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങിയതും. പൂമുഖത്ത് ബ്ലാക്ക് ആന്റ് വൈറ്റ് ഫോട്ടോകളും, ദൈവത്തിന്റെ പടങ്ങളും നിറഞ്ഞ ഒരു വീടുണ്ടായിരുന്നു. അതിന്റെ തൊടിയിലെ പഞ്ചാരമണലിന്നും മനസ്സിൽ തൂകി കിടപ്പുണ്ട്. മുറ്റത്തിന്റെ കോണിൽ നിന്ന് സദാ തലയാട്ടുന്ന രാമനാമപ്പച്ച. വൃശ്ചികത്തിലെ കാറ്റ്. കൊയ്ത്തും മെതിയും ആകുമ്പോഴേക്കും കാഞ്ഞിരത്തിന്റെ നിലംതല്ലി കൊണ്ട് തല്ലിയുറപ്പിച്ച് ചാണകം മെഴുകി ഇടുന്ന മുറ്റം. അതിന്റെ തിട്ടകളിലെവിടയോ അമ്മ കരിഞ്ഞകൊള്ളികൊണ്ടൊരു വര വരച്ചിരുന്നു. അതിൽ വെയിലു വീഴുമ്പോഴാണ് സ്കൂളിൽ പോകാൻ സമയമാവുക! നാഴിക അറിയാനുള്ള ലളിത സൂത്രം.

കേരളത്തനിമയാർന്ന ഈ വീടിന്റെ പടം പലപ്പോഴായി ഞാൻ മൊബൈലിൽ പകർത്തിയിരുന്നു. ഗൃഹാതുരതയുടെ നേർചിത്രമായി ഫെയ്സ് ബുക്കിലോ ഇൻസ്റ്റയിലോ ഇടാനായി. മുകളിൽനിന്ന് എടുക്കുന്നതുകൊണ്ടാകണം ഒരിക്കലും തൃപ്തിയായിരുന്നില്ല. അടുത്തുചെന്ന് മുഖാമുഖം തന്നെ എടുക്കണം,ഞാൻ തീരുമാനിച്ചു. മിക്കവാറും അതിന്റെ വാതിൽ അടഞ്ഞുതന്നെ കിടന്നിരുന്നു. ആളനക്കങ്ങളും കുറവായിരുന്നു. സന്ധ്യയ്ക്ക് ആരോ മുടങ്ങാതെ വിളക്കുവയ്ക്കയും രാപ്പക്കികൾ അതിനു ചുറ്റും വട്ടമിട്ടുപറക്കുകയും ചെയ്തു. ഒരു കുറിയ,പ്രായം ചെന്ന

മനുഷ്യനെ മാത്രമേ ഞാൻ അവിടെ കണ്ടിരുന്നുള്ളൂ . അയാൾ തന്നെയാകണം വിളക്കുവയ്ക്കുക. ഒരു സഞ്ചിയും തൂക്കി വല്ലപ്പോഴും അയാൾ പുറത്തേക്കു പോകുന്നത് കാണാറുണ്ട്. ആരോടും സംസാരിക്കുന്നതായി ഞാൻ ഇതുവരെ കണ്ടിട്ടില്ല. ചുറ്റുമുള്ളവർക്ക് അയാളെക്കുറിച്ച് ഒന്നും അറിയില്ല എന്ന് വ്യക്തം. ഫ്ലാറ്റിലുള്ളവർ ആ വീടിനെക്കുറിച്ചോ, അവിടുത്തെ ജീവിതങ്ങളെക്കുറിച്ചോ ഗൗനിക്കുക പോലും ചെയ്തിരുന്നില്ല.

മൂർഖൻ പറമ്പിൽ അന്താരാഷ്ട്ര വിമാനത്താവളം വന്നു. നഗരാതിർത്തിയിൽ രണ്ട് വലിയ ആശുപത്രികൾ പ്രവർത്തനസജ്ജമായി. മൂന്നോ നാലോ ഷോപ്പിംഗ് കോംപ്ലക്സുകളും മാളുകളും ഉയർന്നു. നഗരം വികസന കുതിപ്പിലാണെന്ന് മാധ്യമങ്ങളെല്ലാം മൽസരിച്ച് എഴുതികൊണ്ടിരുന്നു. ശേഷിച്ച ഗ്രാമീണതയിലേക്കും നഗരം അതിക്രമിച്ചു കയറാൻ തുടങ്ങി. പലതും മാറി മറിയുകയും ഉയർന്ന കൂറ്റൻ നിലക്കെട്ടിടങ്ങളുടെ പാർശ്വങ്ങളിൽ ചെറിയ വീടുകൾ ഒതുങ്ങി ശ്വാസം മുട്ടിനിൽക്കുകയും ചെയ്തു. നല്ല വില കിട്ടുമെന്നു വന്നപ്പോൾ പലരും അത് വിറ്റുപോകാൻ തയ്യാറായി. പൈസാ വാങ്ങി കീശയിലിട്ട് പെട്ടെന്ന് ചിലർ ധനികരായി. പതിമൂന്നാം നിലയിൽ നിന്നുള്ള എന്റെ വികസന കാഴ്ചകൾ വിഭിന്നമായിരുന്നു. പുലരും പോൽ മുതൽ  ഉരുണ്ടു നീങ്ങുന്ന ഭീമാകാരങ്ങളായ യന്ത്രങ്ങൾക്കു  പിന്നാലെ നിര നിരയായി മണ്ണു വണ്ടികളും,അന്യസംസ്ഥാന തൊഴിലാളികളെ നിറച്ച വാഹനങ്ങളും  നീങ്ങുന്നത് ആകാശ കാഴ്ചകളെന്നപോലെ ഞാൻ കണ്ടു നിന്നു. പ്രധാന റോഡിന്റെ ഓരത്ത് ഇനി തച്ചുടയ്ക്കാനുള്ളത് അടച്ചു പൂട്ടിയ ബീഡി തെറുപ്പു കേന്ദ്രം മാത്രമാണ്. യന്ത്രക്കൈയ്യുകൾ പഴയ റേഷൻ പീടിക തകർക്കുന്നതു ഞാൻ കണ്ടതാണ്. തിരുനെറ്റിക്കടിച്ച് പ്രാകൃതമാം വിധം ഒരു ജീവിയെ  കൊല്ലുന്നതു പോലെയാണ് എനിക്കത് തോന്നിയത്! അസ്തിവാരം മുതൽ തോണ്ടിയെടുത്ത് തറ നിരപ്പാക്കി നീങ്ങുന്ന ഉരുക്കു മുഷ്ടികൾ. ഭൂപ്രകൃതി തന്നെ ദിവസങ്ങൾക്കുള്ളിൽ മാറുകയാണ്,ഓരോ സ്ഥലവും അന്യമെന്ന് തോന്നും വിധം.

ഫ്ലാറ്റിലെ സെക്യൂരിറ്റി ജീവനക്കാരൻ നാലു വർഷമെങ്കിലും ആയിട്ടുണ്ടാകണം ഇവിടെ ജോലിയിൽ പ്രവേശിച്ചിട്ട്.ഞാൻ വാടകക്കാരനായി എത്തിയിട്ട് വെറും മൂന്നു മാസവും. അതുകൊണ്ടാണ് അയാളോട് ആരാഞ്ഞത്.

ആ വീടിനെ ചുറ്റിപ്പറ്റി എന്തെല്ലാമോ പ്രശ്നങ്ങൾ ഉണ്ടെന്നാണ് ഞാൻ കേട്ടത്....പല്ലിട കുത്തിക്കൊണ്ട് അലസമായി അയാൾ മൊഴിഞ്ഞു. സന്ദേഹത്തിന്റെ ശകലങ്ങളായിരുന്നു ആ വാക്കുകളിൽ.

അതല്ലാതെ അവലക്ഷണം പിടിച്ച മാതിരി ഇതിങ്ങനെ ഇവിടെ നിൽക്കാൻ വേറെന്തു കാരണം സാറെ? അന്നേ വിറ്റു പോകേണ്ടതല്ലേ. ഇതും കൂടി അങ്ങു പോയാൽ പിന്നെ ഒരു മോഡേൺ ലുക്കല്ലേ? പോഷ് കോളനി മാതിരി ......-സർവ്വീസിൽ നിന്നു വിരമിച്ച സൈനികന്റെ നിൽപ്പും ഭാവവും ആണെങ്കിലും  ഒരു മദ്യപാനിയാണെന്ന് അയാളുടെ കണ്ണുകളും മുഖവും പറയുന്നുണ്ടായിരുന്നു.

അവലക്ഷണം എന്നു പറഞ്ഞ് അധിക്ഷേപിച്ചത് എന്നെ തെല്ലു വേദനിപ്പിച്ചു. എന്നും സന്ധ്യയ്ക്ക് വിളക്കു തെളിഞ്ഞു കത്തുന്ന,തുളസിത്തറയുള്ള ആ കൊച്ചു വീടിനെ അങ്ങനെ പറയരുതായിരുന്നു. പുതുമകളൊന്നും ഇല്ലെങ്കിലും ചായം തേച്ച് മോടി പിടിപ്പിച്ചിട്ടില്ലെങ്കിലും ആ വീടിന് പറഞ്ഞറിയിക്കാൻ കഴിയാത്ത ഒരു ഐശ്വര്യം ഉണ്ടായിരുന്നു. അതിന്റെ തുളസിത്തറയ്ക്കുചുറ്റിലും മുറ്റത്തിന്റെ അരികുകളിലും നിറയെ കനകാംബരങ്ങൾ സമൃദ്ധിയോടെ വളർന്നുകിടന്നു.

ഗംഗാധരൻ സാറിനെ കണ്ടു പഠിക്കണം. എന്തൊരു അടിപൊളി ജീവിതമാണ്!

അതാരാണ്?

മൂന്നാം നിലയിൽ താമസിക്കുന്ന ഗംഗാധരൻ സാറേ- ഡി3 യിൽ. സാറിന്റേയും കുടുംബത്തിന്റേയും സ്ഥലം കൂടിയായിരുന്നു ഇത്. പണത്തിനു പുറമേ രണ്ട് ഫ്ലാറ്റുകളും കൂടിയാണ് അവർക്ക് ഫ്രീയായി കിട്ടിയത്. ഒന്നിൽ സാറും കുടുംബവും മറ്റേതിൽ മകനും കുടുംബവും സുഖമായി താമസിക്കുന്നു. – അതെനിക്ക് ഒരു പുതിയ അറിവായിരുന്നു. പെട്ടെന്ന് ധനികരായവരിൽ ഒരാളായിരുന്നു ഗംഗാധരൻ. അതിന്റെ പൊങ്ങച്ചവും അയാൾ കാണിച്ചു. ഒരു തോൽ വാറിന്റെ കവരം വച്ച രണ്ടഗ്രങ്ങളിലായി ബന്ധിച്ച രണ്ടു നായ്ക്കളുമായാണ് അയാൾ നടക്കാനിറങ്ങുക, നിക്കറും തൊപ്പിയുമണിഞ്ഞ്. ആ നടത്തത്തിനിടെയാണ് അയാളെ ഞാൻ അഭിവാദനം ചെയ്യാനും പരിചയപ്പെടാനും ശ്രമിച്ചത്. തികഞ്ഞ നീരസത്തോടെയാണ് അയാൾ ആ ചെറിയ വീട്ടിലെ മനുഷ്യനെക്കുറിച്ച് സംസാരിച്ചത്. ആക്ഷേപങ്ങളായിരുന്നു അയാൾ പറഞ്ഞതെല്ലാം.

യാഥാസ്ഥികൻ--- എന്ത് തറവാടും അകത്തുവെയ്പ്പും ? ഇനിയുള്ള കാലത്തും ഇങ്ങനെയുള്ളവൻമാർ ജീവിക്കുന്നു എന്നത് അത്ഭുതം തന്നെയാണ്! കണ്ടില്ലേ അവന്റെ കോലം? എരന്നു തിന്നുകയാണവൻ-

അയാൾക്ക് ധൃതിയായിരുന്നു. കുതിരകളെ പൂട്ടിയ രഥം പോലെ നായ്ക്കളെയും തെളിച്ചുകൊണ്ട് അയാൾ ഷൂസിട്ട പാദങ്ങൾ ഉയർത്തി ചവിട്ടി വേഗത്തിൽ നടന്നു പോയി. ഒരു തുന്നൽക്കാരനായിരുന്നു ആ പാവപ്പെട്ട മനുഷ്യൻ എന്ന് ഗംഗാധരന്റെ സംസാരത്തിൽ നിന്ന് ഏകദേശം ഞാൻ ഗ്രഹിച്ചു.

ഏകാകിയും പ്രായം ചെന്നവനുമായ ഒരാൾ താമസിക്കുന്ന വീടിനെ ചുറ്റിപ്പറ്റി എന്തു പ്രശ്നങ്ങളാണുണ്ടാവുക? –സെക്യൂരിറ്റി പറഞ്ഞതിനെ ക്കുറിച്ചാണ് ഞാൻ ആലോചിച്ചത്. കൂടിപ്പോയാൽ മറ്റ് അവകാശികൾ വല്ലതും ഉണ്ടങ്കിൽ വിൽപ്പനയ്ക്കോ,ഭാഗം വയ്പ്പിനോ തർക്കങ്ങളുണ്ടാകാം. ആ വീടിനെക്കുറിച്ച് കൂടുതൽ അറിയാൻ ഇനി ഒരേയൊരു വഴി കോരൻ പീടികയിലെ സമരേഷേ ഉള്ളൂ. അവന്റെ പീടികയിൽ അയാൾ കയറുന്നത് കണ്ടിട്ടുണ്ട്. പ്രാദേശിക വിഷയങ്ങളുടെ ചർച്ചാകേന്ദ്രം കൂടിയാണല്ലോ അവിടം. ഓഫീസിൽ നിന്ന് മടങ്ങുന്ന വഴി അവനെ

തിരഞ്ഞു. അച്ഛന്റെ ചികിത്സാർഥം മംഗലാപുരത്ത് പോയിരുക്കുകയാണ്. നഗരാതിർത്തിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ വന്നിട്ടും സാധാരണക്കാർ ഇന്നും മംഗലാപുരത്താണ് പോവുക! പുതിയതായി വന്ന അത്തരം വലിയ ആശുപത്രികളെ, അവിടുത്തെ ഭാരിച്ച ചെലവുകളെ അവർ ഭയന്നു.

സമരേഷിന്റെ പീടികയിൽ നിന്ന് ഒന്നും വാങ്ങാറില്ലെങ്കിലും അവനുമായി ചങ്ങാത്തം കൂടാൻ വേണ്ടി മാത്രം അവിടെ നിന്ന് വെറുതെ ഞാൻ ജീരകസോഡകൾ വാങ്ങിക്കുടിച്ചു. അവനിൽ നിന്നാണ് ഞാൻ അറിഞ്ഞത് അയാൾ ഒരു പഴയ കാല തുന്നൽക്കാരനായിരുന്നു എന്നും നഗരത്തിന്റെ കോണിലെവിടെയോ ഉള്ള ഇനിയും പൂട്ടിപ്പോകാത്ത ഒരു ടെയിലറിംഗ് ഷോപ്പിൽ പോയി ഇരുന്ന് ബട്ടൺ തുന്നാൻ സഹായിക്കാറുണ്ട് എന്നും. ആരോഗ്യപ്രശ്ങ്ങളുള്ളതിനാൽ പതിവായി പോകാൻ കഴിയാറില്ല. സമരേഷിന്റെ കൈയ്യിൽ നിന്ന് ചെറിയ തുകകൾ പലപ്പോഴും കടം വാങ്ങിയിട്ടും ഉണ്ട്.

തുന്നൽക്കാരന്റെ പിതാവ് ഒരു നിലത്തെഴുത്താശാനായിരുന്നു. അദ്ദേഹത്തിന്റെ മൂന്നു മക്കളിൽ ഇളയവൻ. സഹോദരനും സഹോദരിയും വിവാഹം കഴിക്കാതെ ജീവിക്കുകയും അകാലത്തിൽ മരണപ്പെടുകയും ചെയ്തു. അയാളുടെ ഏക മകളെ വയനാട്ടിലെവിടെയോ ആണ് വിവാഹം ചെയ്ത് അയച്ചിരിക്കുന്നത്. ഭാര്യയും ജീവിച്ചിരിപ്പില്ല. ഏതാനും വർഷങ്ങൾക്കു മുൻപ് മരിച്ചു. അതോടെ അയാളുടെ ഏകാന്ത വാസവും തുടങ്ങി. ആ വീടും സ്ഥലവും ഏകദേശം എട്ടു സെന്റോളം ഉണ്ടാകണം. അതിന്റെ വിൽപ്പനയ്ക്കുവേണ്ടി ആരൊക്കയോ അയാളെ സമീപിക്കുന്നുണ്ടെന്നും ഭീഷണിയും സമ്മർദ്ദവും ചെലുത്തുന്നുണ്ടെന്നും കൂടി സമരേഷ് കൂട്ടിച്ചേർത്തു! അതുകൊണ്ടാകണം അയാൾ എല്ലാവരിൽ നിന്നും ഒഴിഞ്ഞു മാറി വൈമുഖ്യത്തോടെ നടക്കുന്നത്.

കൈശോരകൗതുകങ്ങളുടെ ഒരു കാലം ആ വീടിനും ഉണ്ടായിരുന്നു! നിലത്തു വിരിച്ച പൂഴിയിൽ ആദ്യാക്ഷരങ്ങൾ കുറിക്കാൻ വന്നിരുന്ന ബാല്യങ്ങളുടെ കളിചിരികളാൽ മുഖരിതമായിരുന്നു പൂമുഖം. ആ വീടിന്റെ ആനന്ദത്തിന്റേയും സൗഭാഗ്യങ്ങളുടേയും കാലം കൂടിയായിരിക്കണം അത്. ഒരു ചായക്കപ്പുമായി പുറത്തുവന്നിരിക്കവെ ഞാൻ അതിനെ നോക്കിയിരുന്നു. ഭീഷണികൾക്കും സമ്മർദ്ദങ്ങൾക്കും വഴങ്ങാതെയുള്ള ചെറുത്തു നിൽപ്പാണ് ആ കൊച്ചു വീട്. ഒരു ഒറ്റയാൾ പോരാട്ടം- എനിക്ക് അങ്ങനെയൊക്കെ തോന്നി. ചില സമയങ്ങളിൽ ചിന്തകൾ കാടു കയറും. ആ കൊച്ചു വീട് സന്തോഷത്തോടെ എന്നെ നോക്കുന്നുണ്ടന്നും പുഞ്ചിരി പൊഴിക്കുന്നുണ്ടെന്നും തന്നെ എനിക്ക് തോന്നി! അതിന്റെ ചുറ്റലും വളർന്നു കിടന്ന കനകാംബരങ്ങൾ നിറയെ പൂവണിഞ്ഞിരുന്നു.

രാവിലെ മുതൽ തുടങ്ങിയ മഴ മണിക്കൂറുകളോളം പെയ്തു. ഒരു മഴക്കാലം എന്നതിനേക്കാൾ ഒരു പനിക്കാലം എന്നു വിളിക്കുന്നതാണ് ശരി എന്നു തോന്നി. കേരളം പനിച്ചു വിറയ്ക്കുന്നു എന്ന തലക്കെട്ടോടെ ഉണർന്ന

ദിവസങ്ങളിലൊന്നായിരുന്നു അത്. അവധി വാങ്ങി മൂടിപ്പുതച്ചു കിടക്കുകയും ആലസ്യത്തിന്റേയും ഉറക്കമില്ലായ്മയുടേയും ഇടയിൽ ആവി പറക്കുന്ന ഒരു ചുക്കുകാപ്പിയുടെ എരിവിൽ ജനാലവഴി ഒരു പെൺകുട്ടിയെ ഞാൻ ആ വീടിനുമുന്നിൽ കണ്ടു! അത്ഭുതമായിരുന്നു എനിക്കത്. സജലമായിരുന്ന കണ്ണുകൾ തുടച്ചുകൊണ്ട് വ്യക്തമായി കാണാൻ ശ്രമിച്ചു. ഏകദേശം ഇരുപത് വയസ്സോളം വരും. ധാരാളം മുടിയും ഇരുണ്ട നിറവുമുള്ള ഒരു പെൺകുട്ടി. അവൾ വീട് പൂട്ടി ഇറങ്ങുകയും അയാളെ കൈ പിടിച്ചു നടത്തി ഇടുങ്ങിയ വഴി കടന്ന് കാത്തുനിന്ന ഓട്ടോറിക്ഷയിൽ കയറ്റിക്കൊണ്ട് പോകുന്നതും ഞാൻ നോക്കി നിന്നു. അതയാളുടെ മകളുടെ മകൾ തന്നെയായിരിക്കണം. ഞാൻ ഉറപ്പിച്ചു. ഇനി ആശുപത്രിയിലേക്കോ മറ്റോ? താമസിയാതെ സമരേഷിനെ ഞാൻ വിളിച്ചു. അവൻ ഫോൺ എടുക്കുന്നില്ല. തിരക്കായിരിക്കും. ആളൊഴിഞ്ഞ വീട് മഴനനഞ്ഞ ഒരു പക്ഷിയെപ്പോലെ ചിറകൊതുക്കിയിരിക്കുന്നു.

ഉയർന്നു താഴുന്ന ഒരു യന്ത്രക്കൈയ്യ് സ്വപ്നം കണ്ടാണ് ഞാൻ ഞെട്ടി ഉണർന്നത്. പിന്നെ ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്നു. തണുപ്പിന്റെ ആധിക്യത്താലാകണം രണ്ടു തവണ എഴുന്നേറ്റ് മൂത്രശങ്ക തീർത്തു. പരിഭ്രാന്തി പിടിച്ച പക്ഷിയെപ്പോലെ ഒരു വിമാനം താഴ്ന്നു പറന്ന് ഇരമ്പലോടെ വട്ടം ചുറ്റിപ്പറക്കുന്നുണ്ടായിരുന്നു. അതിന്റെ പള്ളയിൽ നിന്ന് കൊള്ളിമീൻ വെളിച്ചം തെറിച്ചു. മഴ കാരണം ലാൻഡു ചെയ്യാൻ സാധിക്കുന്നുണ്ടാവില്ല. അതിന്റെ ശബ്ദങ്ങൾ കൂടി എന്റെ ഉറക്കത്തെ അലോസരപ്പെടുത്തി.

രാവിലെ തന്നെ സമരേഷിന്റെ ഫോൺ വിളിയെത്തി.

അറിഞ്ഞില്ലേ? വയനാട്ടിൽ ഭീകര ഉരുളുപൊട്ടലാണ് - അവന്റെ വാക്കുകളിൽ സംഭ്രമമായിരുന്നു

ആ തുന്നൽക്കാരന്റെ മകളും കുടുംബവും അവിടെ ചൂരൽ മലയിലാണെന്നാണ് അറിഞ്ഞത്. അവരെക്കുറിച്ച് വിവരം ഒന്നും ഇല്ല! ടി വി യിൽ എല്ലാം കാണിക്കുന്നുണ്ട്-

മറുപടി ഒന്നും ഞാൻ പറഞ്ഞില്ല. സ്തബ്ധനായി ഇരുന്നു പോയ ഞാൻ എഴുന്നേറ്റ് ടി വി ഓൺ ചെയ്തു. മാറു പിളർന്ന ദുരന്തത്തിന്റെ ദൃശ്യങ്ങൾ ഒന്നൊന്നായി വന്നു വീഴുകയാണ്. ഇടമുറിയാതെ ദുരിതപ്പെയ്ത്തും. സന്ദിഗ്ധാവസ്ഥയിൽ ഞാൻ മുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. അതിൽ നിന്ന് വിടുതൽ നേടാനായി ഇത്തിരി നേരം പുറത്തെ കോണിലേക്കിറങ്ങിനിന്നു. ദുഖഃ ഭാരത്താൽ തല കുമ്പിട്ടു നിൽക്കുന്ന വീട്. കർക്കിടക കോളുകൊണ്ട വാനം കറുത്തു കിടന്നു. ദുരന്തത്തിന്റെ വ്യാപ്തിയും,രക്ഷാപ്രവർത്തനങ്ങളും,കണ്ടെടുക്കുന്ന ജഡങ്ങളും വിവരണങ്ങളായി കാതിൽ വന്നലയ്ക്കുകയാണ്.

മൃത പ്രായമായ ഒരു ശരീരത്തിലൂടെ ഉറുമ്പുകൾ അരിച്ചു നീങ്ങുന്നതുപോലെ ദൂരെ മണ്ണു വണ്ടികൾ ഇരമ്പി നീങ്ങുന്നത് ഞാൻ അവിടെ നിന്നു കണ്ടു.

************************************